"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണവകുപ്പ് - സംസ്ഥാനത്തെ ഒഴിഞ്ഞു കിടക്കുന്ന വീട്ടുകളെ മൊബൈൽ ആപ്ലിക്കേഷനിലൂടെ കോർത്തിണക്കി STAYVERSE എന്ന പേരിൽ ഒരു ഹോംസ്റ്റേ പ്രോജക്ട് നടപ്പിലാക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകി ഉത്തരവു പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.399/2024/LSGD തീയതി,തിരുവനന്തപുരം, 19-02-2024

---

പരാമർശം:- 1. ശ്രീ.രാഹുൽ. ആർ.കെ യുടെ തീയതി ഇല്ലാത്ത നിവേദനം.

2. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 29.07.2023-ലെ LSGD(PD) 48636/2023-DPLA1 നമ്പർ കത്ത്.

**ഉത്തരവ്**

സംസ്ഥാനത്തെ ഒഴിഞ്ഞു കിടക്കുന്ന വീടുകളെ മൊബൈൽ ആപ്ലിക്കേഷനിലൂടെ കോർത്തിണക്കി STAYVERSE എന്ന പേരിൽ ഒരു ഹോംസ്റ്റേ പ്രോജക്ട് നടപ്പിലാക്കുന്നതിനുള്ള പ്രൊപ്പോസൽ പരാമർശം (1) പ്രകാരം സമർപ്പിച്ചിരുന്നു. പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയിൽ ടൂറിസം വികസന സാദ്ധ്യതകൾ പ്രയോജനപ്പെടുത്തി പ്രാദേശിക സാമ്പത്തിക വികസനത്തിനായി ഡെസ്റ്റിനേഷൻ ചലഞ്ച്, ഉത്തരവാദിത്ത ടൂറിസം ഉൾപ്പെടെയുള്ള പരിപാടികളുമായി സഹകരിച്ച് പദ്ധതികൾ ഏറ്റെടുക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുള്ളതിനാൽ കുടുംബശ്രീ അംഗങ്ങൾ മുഖേന STAYVERSE പദ്ധതി പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കി ന്യൂനതകൾ കണ്ടെത്തി പരിഹരിച്ച ശേഷം പുതിയ പദ്ധതിയായി നടപ്പിലാക്കുന്നതിനായി പരാമർശം(2) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ചെയ്തിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പ്രിൻസിപ്പൽ ഡയറക്ടറുടെ ശുപാർശ പരിഗണിച്ച്, സംസ്ഥാനത്തെ വിവിധ ജില്ലകളിൽ ഒഴിഞ്ഞു കിടക്കുന്ന വീടുകളെ മൊബൈൽ ആപ്ലിക്കേഷനിലൂടെ കോർത്തിണക്കി STAYVERSE എന്ന പദ്ധതി അതിഥികളുടെ സ്വകാര്യവിവരങ്ങളുടെ സുരക്ഷിതത്വം ഉറപ്പു വരുത്തേണ്ടതാണെന്ന വ്യവസ്ഥയിൽ, പ്രധാനപ്പെട്ട ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ നടപ്പിലാക്കുന്നതിന് തത്വത്തിൽ അനുമതി നൽകിയും തെരഞ്ഞെടുത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പരീക്ഷണാടിസ്ഥാനത്തിൽ പദ്ധതി നടപ്പിലാക്കി ആയത് സംബന്ധിച്ച പഠന റിപ്പോർട്ട് സമർപ്പിക്കുന്നതിനും തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് നിർദ്ദേശം നൽകിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അനിൽ കുമാർ ജി

അഡീഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയം ഭരണം,തിരുവനന്തപുരം

ശ്രീ.രാഹുൽ. ആർ.കെ,പള്ളി സ്ട്രീറ്റ്, കൊഴിഞ്ഞാപ്പാറ, പാലക്കാട്.

ടൂറിസം വകുപ്പ്.

വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്

ഡയറക്ടർ, ഐ. കെ. എം.(സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്. (ഫയൽ നം. EPA3/266/2023/LSGD )

ഉത്തരവിൻ പ്രകാരം
Signed by
Danuja M S
Date: 19-02-2024 14:26:39
സെക്ഷൻ ഓഫീസർ